## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3239      24-6-2013 ൽ മറുപടിക്ക്

**കേരള ഹൗസിനോടനുബന്ധിച്ച് നടന്നു വരുന്ന നവീകരണ പ്രവൃത്തികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സാജു പോൾ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | ഡൽഹിയിലെ കേരള ഹൗസിലെ ഏതെങ്കിലും വിഭാഗം സ്വകാര്യ ഏജൻസി വഴി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ വെളിപ്പെടുത്താമോ ; | (എ) | ഇല്ല |
| (ബി) | കേരള ഹൗസിനോടനുബന്ധിച്ച് നടന്നു വരുന്ന നവീകരണ പ്രവൃത്തികൾ എന്തൊക്കെയാണ് ; മൊത്തം എന്തു തുക ചെലവഴിച്ചു ; | (ബി) | കേരള ഹൗസിൽ നടത്താനുദ്ദേശിക്കുന്ന നവീകരണ പ്രവൃത്തികൾ താഴെ ചേർക്കുന്നു.<br>1. ന്യൂഡൽഹി കേരള ഹൗസിലെ അഡിഷണൽ ബ്ളോക്കിന്റെ അറ്റകുറ്റപണികൾ<br>2. എൻ.ഡി.എം.സി.യുടെ പ്രധാന സിവേജ് ലൈനുമായി ബന്ധിപ്പിക്കുന്നതിന് വേണ്ടി അഡിഷണൽ ബ്ളോക്കിനെയും, കൊച്ചിൻ ഹൗസിനെയും യോജിപ്പിക്കുന്ന ഡ്രയിനേജ് ലൈനിന്റെ പുനർനിർമ്മാണം.<br>3. മെയിൻബ്ളോക്കിന്റെയും അഡീഷണൽ ബ്ളോക്കിന്റെയും പുറകിലുള്ള പൈപ്പ് ലൈനിന്റയും ഡക്റ്റ് ലൈനിന്റയും നവീകരണം.<br>4. കേരളഹൗസ് കോമ്പൗണ്ടിലെ സ്ഥലം ആവശ്യാനുസരണം നിരപ്പാക്കി മോടിപിടിപ്പിക്കൽ.<br>5. കേരളഹൗസിലേക്ക് പുതിയ കവാടം |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുക.<br>6. കേരളഹൗസ് കോമ്പൗണ്ട് വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തി ഉപയോഗപ്പെടുത്തുക.<br>7. കേരളഹൗസിലെ മെയിൻ ബ്ളോക്കിലെ അറ്റകുറ്റപ്പണികൾ<br>8. കപൂർത്തലപ്ളോട്ടിലെ സ്റ്റാഫ് ക്വാർട്ടേഴ്സിലെ അറ്റകുറ്റപ്പണികൾ<br>9. ട്രാവൻകൂർഹൗസ് ഡോർമിറ്ററിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധ നിർമാണ പ്രവൃത്തികൾ.<br>10. കൊച്ചിൻ ഹൗസിന്റെ നവീകരണവും അനുബന്ധപ്രവൃത്തികളും<br>11. ഗാർഡൻ ലൈറ്റിംഗ്, സെക്യൂരിറ്റി ലൈറ്റിംഗ് എന്നിവ സ്ഥാപിക്കുക.<br>12. എ.സി.പ്ളാന്റുമായി ബന്ധപ്പെട്ട പൈപ്പ് ലൈനുകൾ നവീകരിക്കുക.<br>13. കേരളഹൗസിലെ കോൺഫറൻസ് ഹാളിന് പുതുക്കിയ പ്രകാശ-ശബ്ദ സംവിധാനം ഏർപ്പെടുത്തുക.<br>14. കേരളഹൗസിൽ കാര്യക്ഷമമായ അഗ്നിശമന സംവിധാനം ഏർപ്പെടുത്തൽ<br>മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട തുകയൊന്നും തന്നെ ഇതുവരെ ചെലവഴിച്ചിട്ടില്ല. |
| (സി) | കേരള ഹൗസിലെ ഭക്ഷണശാല സ്വകാര്യവൽക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ : വിശദമാക്കാമോ ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ